# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നമ്പർ : 2019/11/12/2023/ TVM**

പരാതികക്ഷി : ഷീല.എസ്,വട്ടവിള വീട്
പുതുശ്ശേരിമുക്ക്,പാവല്ല,കല്ലമ്പലം
തിരുവനന്തപുരം

എതിർകക്ഷികൾ :

**ഉത്തരവ് തീയതി 28.04.2024**

പരാതിക്കാരി 2004 മുതൽ 2020 വരെ ആരോഗ്യവകുപ്പിൽ നഴ്സിംഗ് അസിസ്റ്റൻറായി ജോലി നോക്കിയിരുന്നതായും, തൻെറ സർവ്വീസ് വിവരങ്ങൾ ആരോഗ്യവകുപ്പിൽ നിന്നും ലഭ്യമാക്കിതരുന്നില്ലായെന്നും, ടിയാളുടെ ജി.പി.എഫും ഇൻഷുറൻസ് തുകയും ആരോ ആൾ മാറാട്ടം നടത്തി കൈപ്പറ്റുന്നതായും, അർഹതപ്പെട്ട സർവ്വീസ് ആനുകൂല്യങ്ങളോ പെൻഷനോ അനുവദിക്കാതെയും തന്നെ പ്രയാസപ്പെടുത്തുന്നതായും മറ്റും കാണിച്ചാണ് ഈ പരാതി നൽകിയിട്ടുള്ളത്.

പരാതിയിലെ ആരോപണങ്ങളെ കുറിച്ച് വിശദമായ ഒരു റിപ്പോർട്ട് ജില്ലാ മെഡിക്കൽ ഓഫീസർ സമർപ്പിച്ചു. ശ്രീമതി.ഷീല.എസ് തൻെറ ശമ്പള നിർണ്ണയ അപാകതകൾ ചൂണ്ടിക്കാട്ടി നിരന്തരം അടിസ്ഥാന രഹിതമായ പരാതികൾ സമർപ്പിച്ചിട്ടുള്ളതും ആയതിൻെറ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടർ പ്രസ്തുത പരാതി പരിശോധിച്ച് ടിയാരിയുടെ ശമ്പള നിർണ്ണയങ്ങളിൽ അപാകതകൾ ഇല്ലെന്ന് അറിയിച്ചിട്ടുള്ളതാണെന്നും, 06.07.2016 തീയതി അണ്ടൂർക്കോണം സാമൂഹ്യാരോഗ്യകേന്ദ്രത്തിൽ നേഴ്സിംഗ് അസിസ്റ്റൻറ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ടിയാരി 18.07.2016 മുതൽ നേഴ്സിംഗ് അസിസ്റ്റൻറ് ജോലി ചെയ്യുവാൻ വിസമ്മതിക്കുകയും രോഗികളോട് മോശമായി പെരുമാറുകയും ചെയ്തിരുന്നതായും, ഇതു മൂലം പൊതുജനങ്ങളിൽ നിന്നും പരാതി ലഭിക്കുകയും 27.12.2016 ൽ ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ അന്വേഷണം നടത്തുകയും പരാതിക്കാരിക്ക് മാനസിക പ്രശ്നങ്ങൾ സംശയിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും, തുടർന്ന് ടിയാൾ ജോലി നോക്കുന്നതിന് പര്യാപ്തമാണോ എന്ന് പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുവാൻ 20.03.2017 തീയതി തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ മെഡിക്കൽ

ബോർഡിനു മുമ്പാകെ ഹാജരാകുവാൻ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും പ്രസ്തുത ബോർഡിലെ സൈക്യാട്രിസ്റ്റിന് അസുഖമായതിനാൽ മെഡിക്കൽ ബോർഡ് കൂടുവാൻ കഴിഞ്ഞിരുന്നില്ലായെന്നും, ചിറയിൻകീഴ് താലൂക്ക് ആസ്ഥാനാശുപത്രിയിൽ ജോലി ചെയ്യുവരവെ ശമ്പളവും അലവൻസും കൃത്യമല്ല എന്ന് ചൂണ്ടിക്കാട്ടി പരാതി നൽകിയിരുന്നതായും Delusions of persecution എന്ന മാനസികാവസ്ഥ ശ്രീമതി.ഷീലയ്ക്ക് ഉള്ളതായി സംശയിക്കത്തക്ക സംശയങ്ങളാണ് ടിയാരി പ്രസ്തുത പരാതി ഉൾപ്പെടെ അനവധി പരാതികളിൽ ഉന്നയിക്കുന്നതെന്നും റിപ്പോർട്ടിൽ കാണുന്നു.

പരാതിക്കാരി 28.02.2017 ലും അണ്ടൂർക്കോണം സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ ബഹളം ഉണ്ടാക്കുകയും മേലധികാരികളെ അസഭ്യം പറയുകയും പഞ്ചായത്ത് പ്രസിഡൻറ്, മെമ്പർമാർ എന്നിവർക്കെതിരെയും ആക്രമണ സ്വഭാവം ചെയ്ത് മാനസിക അസ്വസ്ഥത പ്രകടിപ്പിച്ചിട്ടുള്ളതാണെന്നും, തുടർന്നും ആശുപത്രി പ്രവർത്തനങ്ങളിൽ സഹകരിക്കുന്നില്ലെന്നും മറ്റുള്ളവരുടെ പ്രവർത്തനങ്ങളിൽ ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായും ചൂണ്ടിക്കാട്ടി സഹപ്രവർത്തകർ പരാതി നൽകുകയുണ്ടായതായും, ഇതേ തുടർന്ന് 07.03.2017 തീയതി ടിയാരിയുടെ മാനസികാരോഗ്യസ്ഥിതി പരിശോധിക്കുവാൻ മെഡിക്കൽ ബോർഡ് രൂപീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ തിരുവനന്തപുരം ജനറൽ ആശുപത്രി സൂപ്രണ്ടിന് നിർദ്ദേശം നൽകിയിരുന്നതായും, 13.03.2017 ലും അണ്ടൂർക്കോണം സാമൂഹ്യാരോഗ്യകേന്ദ്രത്തിൽ ജോലിയിലിരിക്കെ ജീവനക്കാരോടും രോഗികളോടും മോശമായി പെരുമാറുകയും ഹെഡ് നഴ്സിനെ കത്രികകൊണ്ട് ആക്രമിക്കുവാൻ ശ്രമിക്കുകയും ചെയ്തതായും, ഇതേ തുടർന്ന് മാനുഷിക പരിഗണന മുൻനിർത്തി മാനസികാസ്വാസ്ഥ്യം പ്രകടിപ്പിക്കുന്ന പരാതിക്കാരിക്ക് മേൽ അച്ചടക്ക നടപടി സ്വീകരിക്കാതെ 14.03.2017 മുതൽ മാനസിക സുസ്ഥിതി തെളിയിക്കുന്നത് വരെ നിർബന്ധിത അവധിയിൽ പ്രവേശിക്കുവാൻ ജില്ലാ മെഡിക്കൽ ഓഫീസർ നിർദ്ദേശം നൽകുകയും, മാനസിക രോഗം കുറ്റമല്ല എന്നത് കണക്കിലെടുത്തും, ആരോഗ്യ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെയും ചികിത്സയ്ക്ക് എത്തുന്ന രോഗികളുടെയും സുരക്ഷ കണക്കിലെടുത്തുമാണ് പ്രസ്തുത തീരുമാനം കൈകൊണ്ടതെന്നും, എന്നാൽ മെഡിക്കൽ ബോർഡിനു കീഴിൽ ഹാജരായി മാനസികാരോഗ്യ സുസ്ഥിതി വിലയിരുത്തുന്നതിന് പലതവണ നിർദ്ദേശം നൽകിയിട്ടും ടിയാൾ ഹാജരാകുകയുണ്ടായില്ലായെന്നും തുടർന്ന് ജില്ലാ മെഡിക്കൽ ഓഫീസർ നേരിട്ട് മെഡിക്കൽ ബോർഡ് രൂപീകരിക്കുകയും ആയതിൽ ഹാജരാകുവാൻ ജില്ലാ മെഡിക്കൽ ഓഫീസർ നിർദ്ദേശം നൽകിയെങ്കിലും അവിടെയും ടിയാരി ഹാജരായിരുന്നില്ലായെന്നും റിപ്പോർട്ടിലുണ്ട്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ നിർദ്ദേശ പ്രകാരം അച്ചടക്ക നടപടി നിലനിർത്തി കൊണ്ട് ടിയാരിയെ മണമ്പൂർ സാമൂഹ്യാരോഗ്യകേന്ദ്രത്തിൽ 20.06.2019 ൽ നിയമിക്കുകയുണ്ടായതായും, എന്നാൽ മണമ്പൂർ സാമൂഹ്യാരോഗ്യകേന്ദ്രത്തിലും നഴ്സിംഗ് അസിസ്റ്റന്റ് ചുമതല നിർവ്വഹിക്കാതിരിക്കുകയും മേലധികാരികളോട് അപമര്യാദയായി പെരുമാറുന്നുവെന്ന് പരാതി ലഭിച്ചതിനെ തുടർന്ന് ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ(വിജിലൻസ്) മണമ്പൂർ സാമൂഹ്യാരോഗ്യകേന്ദ്രം സന്ദർശിച്ചവേളയിൽ ടിയാനോടും പരുഷമായി പെരുമാറിയതിനെ തുടർന്ന് പരാതിക്കാരിയെ സസ്പെൻഡ് ചെയ്യുകയുണ്ടായതായും, സസ്പെൻഷൻ കാലയളവിൽ പരാതിക്കാരിക്ക് അർഹതപ്പെട്ട ഉപജീവനബത്തയ്ക്ക് നോൺ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ടെന്നും എന്നാൽ പരാതിക്കാരി ആയത് ഹാജരാക്കുവാൻ തയ്യാറാകാത്തതാണ് ഉപജീവനബത്ത നൽകുവാൻ കഴിയാതിരുന്നതെന്നും, തുടർന്ന് പരാതിക്കാരിയുടെ അപേക്ഷ പരിഗണിച്ച് അച്ചടക്ക നടപടി നിലനിർത്തി 10.08.2020 ൽ തിരുവനന്തപുരം മാനസികാരോഗ്യകേന്ദ്രത്തിൽ നിയമനം നൽകിയിരുന്നുവെങ്കിലും ടിയാൾ സർവ്വീസിൽ പുനഃപ്രവേശിക്കുവാൻ തയ്യാറായില്ലായെന്നും, സർവ്വീസിൽ പുനഃപ്രവേശിക്കുന്നതിന് ഉത്തരവ് നൽകിയിട്ടും ജോലിയിൽ നിന്നും വിട്ടു നിൽക്കുകയും, കുറ്റാരോപണ മെമ്മോ നൽകിയിട്ട് യഥാസമയം മറുപടി നൽകാതിരിക്കുകയും, ഔപചാരികാന്വേഷണത്തിന് ഹാജരാകാതിരിക്കുകയും തുടങ്ങി മേലധികാരികളുടെ ഉത്തരവുകൾ തുടർച്ചയായി അവഗണിച്ച് അച്ചടക്ക ലംഘനം തുടരുന്നതായി കണ്ടെത്തിയതിനാൽ ടിയാരി അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്ന കാലയളവ് നോൺ ഡ്യൂട്ടിയായും, സസ്പെൻഷൻ കാലയളവ് അർഹതപ്പെട്ട അവധിയായും പരിഗണിക്കുവാനും, 10.08.2020 തീയതി സർവ്വീസിൽ പുനഃപ്രവേശിക്കാത്തതിനാൽ 10.08.2020 മുതൽ സേവനം അവസാനിപ്പിച്ചതായി കണക്കാക്കിയും ടിയാരിക്ക് എതിരായ അച്ചടക്ക നടപടി തീർപ്പ് കൽപ്പിച്ച് 31.03.2022 ൽ ഉത്തരവാകുകയും ആയത് പരാതിക്കാരിക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ടെന്നും, പരാതിക്കാരി അവസാനം ജോലി ചെയ്തിരുന്ന മണമ്പൂർ സാമൂഹ്യാരോഗ്യകേന്ദ്രത്തിൽ യഥാവിധി അപേക്ഷ സമർപ്പിച്ചാൽ മാത്രമെ ടിയാരിക്ക് അർഹതപ്പെട്ട പ്രോവിഡന്റ് ഫണ്ട്, എസ്.എൽ.എ, എഫ്.ബി.എസ് തുടങ്ങിയ ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ കഴിയുകയുള്ളൂവെന്നും, എന്നാൽ നിരവധി തവണ നിർദ്ദേശം നൽകിയിട്ടും ആവശ്യമായ അപേക്ഷകൾ ബന്ധപ്പെട്ട സ്ഥാപനത്തിൽ നൽകാതെ നിരന്തരം പരാതികൾ നൽകുകമാത്രമാണ് പരാതിക്കാരി ചെയ്തുവരുന്നതെന്നും, പരാതിയിൽ പറയും പ്രകാരം ആരും തന്നെ ടിയാരിയുടെ സർവ്വീസ് രേഖകൾ തിരുത്തുകയോ ആനുകൂല്യങ്ങൾ തട്ടിയെടുക്കുകയോ ചെയ്തിട്ടില്ലായെന്നും പ്രസ്തുത റിപ്പോർട്ടിൽ പ്രതിപാദിക്കുന്നുണ്ട്.

റിപ്പോർട്ടിൽ പരാതികക്ഷി ആക്ഷേപം സമർപ്പിച്ചു. പരാതിയും റിപ്പോർട്ടുകളും ആക്ഷേപവും കമ്മീഷൻ വിശദമായി പരിശോധിച്ചു. സർവ്വീസ് ആനുകൂല്യങ്ങൾക്കായി പരാതിക്കാരി അവസാനം ജോലി ചെയ്തിരുന്ന മണമ്പൂർ സാമൂഹ്യാരോഗ്യകേന്ദ്രത്തിൽ യഥാവിധി അപേക്ഷ സമർപ്പിക്കേണ്ടതും, അപ്രകാരം അപേക്ഷ സമർപ്പിക്കുന്ന പക്ഷം പരാതിക്കാരിക്ക് അർഹതപ്പെട്ട സർവ്വീസ് ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കാനുള്ള നടപടി ജില്ലാ മെഡിക്കൽ ഓഫീസർ സ്വീകരിക്കേണ്ടതുമാണെന്ന നിർദ്ദേശത്തോടെ ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിന്റെ പകർപ്പ് ജില്ലാ മെഡിക്കൽ ഓഫീസർ, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്

ഒപ്പ്
**കെ. ബൈജുനാഥ്**
**ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

1/4
രജിസ്ട്രാർ